**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1027** **30-06-2022 - ൽ മറുപടിയ്ക്ക്**

**റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ ഷിറിയ പുഴയിൽ നടപ്പിലാക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ; | (എ) | 1. ബംബ്രാണയിൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തിക്ക് 35.04 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലത്തിൽ സ്വീകരിച്ചുവരുന്നു.<br><br>2. മഞ്ചേശ്വരം മണ്ഡലത്തിലെ ഷിറിയ പുഴയിൽ അംഗഡിമൊഗർ-കിദ്ദൂർ എന്നിവിടങ്ങളിൽ കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീ കരിച്ചിട്ടുണ്ട്. ഇതിൽ കിദ്ദൂർ എന്ന സ്ഥലത്ത് നടത്തിയ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ റിപ്പോർട്ട്, ഡിസൈൻ ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർ ഐ.ഡി ആർ.ബിയുടെ കാര്യാലയത്തിലേക്കു നൽകിയിട്ടുണ്ട്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി തുടങ്ങുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്നും എപ്പോൾ തുടങ്ങാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | 1. ബംബ്രാണയിൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തിക്ക് 35.04 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലത്തിൽ സ്വീകരിച്ചുവരുന്നു.<br><br>2. മഞ്ചേശ്വരം മണ്ഡലത്തിലെ ഷിറിയ പുഴയിൽ അംഗഡിമൊഗർ-കിദ്ദൂർ എന്നിവിടങ്ങളിൽ കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീ കരിച്ചിട്ടുണ്ട്. ഇതിൽ കിദ്ദൂർ എന്ന സ്ഥലത്ത് നടത്തിയ |

| | | | |
|---|---|---|---|
| | | | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ റിപ്പോർട്ട്, ഡിസൈൻ ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർ ഐ.ഡി ആർ.ബിയുടെ കാര്യാലയത്തിലേക്ക നൽകിയിട്ടുണ്ട്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ